No/450/2022/SRG/LSGD(CC)(2)

**<u>വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ന നടന്ന യോഗത്തിന്റെ നടപടി കുറിപ്പ്.</u>**

**<u>3. പൊതുവിഷയം</u>**

1) സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ 14.7.2022 ൽ കൂടിയ യോഗതീരുമാന പ്രകാരം കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകിയ വിഷയത്തിന്മേൽ താഴെ പറയുന്ന തീരുമാനമെടുത്തു.

I. **വാഹനം വാങ്ങൽ**

28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എഞ്ചിനീയറിംഗ് വിഭാഗത്തിലും വാഹനം വാങ്ങുന്നതിനും വാടകയ്ക്കെടുക്കുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇതനുസരിച്ച് നിലവിൽ ഒരു വാഹനം പോലുമില്ലാത്ത തദ്ദേശഭരണസ്ഥാപനങ്ങളും നിലവിലുള്ള വാഹനം കണ്ടം ചെയ്യുന്ന തദ്ദേശഭരണസ്ഥാപനങ്ങളും കഴിവതും വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാടകയ്ക്കെടുക്കുന്നതിനു പകരം ആവശ്യമെങ്കിൽ ഇത്തരം സാഹചര്യത്തിൽ 10.00 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള വാഹനം വാങ്ങുന്നതിനും മാർഗ്ഗരേഖയിൽ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കോർപ്പറേഷൻ മേയറുടേയും ഉപയോഗത്തിന് 20.00 ലക്ഷം രൂപയിൽ അധികരിക്കാത്ത വിലയുള്ള വാഹനം വാങ്ങാവുന്നതാണ്.

ഈ നിർദ്ദേശ പ്രകാരം മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ 10.00 ലക്ഷം രൂപയിലധികം വിലവരുന്ന വാഹനം വാങ്ങാൻ കഴിയില്ല. ഈ പരിധി വർദ്ധിപ്പിക്കണമെന്ന് തദ്ദേശഭരണ സ്ഥാപന അസോസിയേഷൻ ഭാരവാഹികളടക്കമുള്ളവർ ആവശ്യപ്പെട്ട പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും, ബ്ലോക്ക പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ജില്ലാ പഞ്ചായത്തിലെയും കോർപ്പറേഷനിലെ മറ്റാവശ്യങ്ങൾക്കും (ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനും കോർപ്പറേഷൻ മേയർക്കും ഒഴികെ) 13.00 ലക്ഷം വരെ വിലയുള്ള വാഹനം വാങ്ങാവുന്നതാണ്. **GeM** പോർട്ടലിൽ വാഹനം ലഭ്യമല്ലായെങ്കിൽ ടെണ്ടർ, ഇ-ടെണ്ടർ മുഖേന വാങ്ങാവുന്നതാണ്. മാർഗ്ഗരേഖയിലെ മറ്റു നിബന്ധനകൾക്ക് മാറ്റമില്ല. അതു പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**